കേരള സർക്കാർ

സംഗ്രഹം

ശമ്പള പരിഷ്കരണം 2014 - കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ ഹൗസ് കീപ്പർ / മ്യൂസിയം ഗൈഡ്/റിസപ്ഷൻ ഗൈഡ്, സൂപ്പർ വൈസർ (ഹൗസ് കീപ്പേഴ്സ് & ഗൈഡ്സ്) തസ്തികകളുടെ പുനഃനാമകരണം- ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പേ റിവിഷൻ സെൽ - ഡി) വകുപ്പ്

സ.ഉ.(കൈ)നം.420/2018/(107)/ധന : തീയതി, തിരുവനന്തപുരം, 07.11.2018

---

പരാമർശം:-1.സ.ഉ.(അച്ചടി)നം.7/2016/ധന തീയതി 20.01.2016
2.സ.ഉ(കൈ)നം.1486/16/നി.സെ തീയതി 31.08.2016
3.സ.ഉ(കൈ)നം.783/2017/നി.സെ തീയതി 08.05.2017
4.സ.ഉ(കൈ)നം.2017/2016/നി.സെ തീയതി 23.12.2016
5.സ.ഉ(കൈ)നം.784/17/ നി.സെ തീയതി 08.05.2017

**ഉത്തരവ്**

പരാമർശം 1 ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള സ്കെയിലുകൾ 01/07/2014 മുതൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 2,3 ഉത്തരവുകൾ പ്രകാരം നിയമസഭാ സെക്രട്ടേറിയറ്റിലെ ഹൗസ് കീപ്പർ/മ്യൂസിയം ഗൈഡ്/റിസപ്ഷൻ ഗൈഡ് തസ്തികകൾ ഏകീകരിച്ച് 'ഇൻഫർമേഷൻ അസിസ്റ്റന്റ്' എന്നും പരാമർശം 4,5 ഉത്തരവുകൾ പ്രകാരം സൂപ്പർ വൈസർ (ഹൗസ് കീപ്പേഴ്സ് & ഗൈഡ്സ്) തസ്തിക ' ചീഫ് ഇൻഫർമേഷൻ അസിസ്റ്റന്റ്' എന്നും പുനഃ നാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ നിയമസഭാ സെക്രട്ടേറിയറ്റിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഹൗസ് കീപ്പർ/റിസപ്ഷൻ ഗൈഡ്/മ്യൂസിയം ഗൈഡ് എന്നീ തസ്തികകൾ ഏകീകരിച്ച് 31.08.2016 പ്രാബല്യത്തിൽ 'ഇൻഫർമേഷൻ അസിസ്റ്റന്റ്' എന്നും ടി പട്ടികയിൽ

ഉൾപ്പെട്ടിട്ടുള്ള സൂപ്പർവൈസർ (ഗൈഡ്സ് & ഹൗസ് കീപ്പേഴ്സ്) എന്ന തസ്തിക 23.12.2016 പ്രാബല്യത്തിൽ 'ചീഫ് ഇൻഫർമേഷൻ അസിസ്റ്റന്റ്' എന്നും ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തസ്തികകളുടെ നിലവിലെ ശമ്പള സ്കെയിലുകൾ, കർത്തവ്യങ്ങൾ, ചുമതലകൾ എന്നിവയ്ക്ക് യാതൊരു വ്യത്യാസവും ഉണ്ടായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജി.അശോക് കുമാർ**
അഡീഷണൽ സെക്രട്ടറി(ധനകാര്യം)

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ/ജി & എസ്.എസ്.എ)
കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ & ആർ.എസ്.എ),കേരള, തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ,
അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ,
അണ്ടർ സെക്രട്ടറിമാർ
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-413358)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ